"ഭരണഭാഷ - മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ: എഫ്1/32805/2016(3)

KSHB Building, ശാന്തിനഗർ,
തിരുവനന്തപുരം-1
തീയതി: 27/12/2016

ട്രെയിനിംഗ് ഡയറക്ടർ

പ്രിൻസിപ്പാൾ
ഐ.ടി.ഐ, .......

സർ,

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് വിഭാഗം - ജോബ് ഫെയർ 2017 - സംഘടിപ്പിക്കുന്നത് -സംബന്ധിച്ച്.

സൂചന:- 1. 07.12.16 ന് ചേർന്ന മീറ്റിംഗിലെ തീരുമാനം.
2. ട്രെയിനിംഗ് ഡയറക്ടറുടെ .12.16 ലെ ഇതേ നമ്പർ ഉത്തരവ്..

*********

വ്യാവസായിക പരിശീലന വകുപ്പ് സംസ്ഥാനത്ത് 04 റീജീയനുകളിലായി ജനുവരി 2017 -ൽ ജോബ് ഫെയറുകൾ സംഘടിപ്പിക്കാൻ തീരുമാനച്ചിരിക്കുകയാണ്. 1. കോഴിക്കോട്, 2. പാലക്കാട്, 3. എറണാകുളം, 4. തിരുവനന്തപുരം ജില്ലകളിലായി യഥാക്രമം 28.01.17, 23.01.17, 25.01.17, 21.01.17 തീയതികളിലാണ് ജോബ് ഫെയറുകൾ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നത്.

04 റീജിയനുകളിൽ ഉൾപ്പെടുന്ന ജില്ലകൾ

| | | |
|---|---|---|
| തിരുവനന്തപുരം | : | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട |
| എറണാകുളം | : | എറണാകുളം, ആലപ്പുഴ, ഇടുക്കി, കോട്ടയം |
| കോഴിക്കോട് | : | കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് |
| പാലക്കാട് | : | തൃശൂർ, പാലക്കാട്, മലപ്പുറം |

സൂചന (2) ലെ ഉത്തരവ് പ്രകാരം ചേരുന്ന റീജണൽ ലെവൽ കമ്മിറ്റി ജോബ് ഫെയറിൽ പങ്കെടുക്കുന്നതിന് എല്ലാ സർക്കാർ/പ്രൈവറ്റ് ഐ.ടി.ഐ കൾക്കും നിർദ്ദേശം നൽകേണ്ടതും വിജയകരമായി ട്രെയിനിംഗ് പൂർത്തിയാക്കിയ ട്രെയിനികളോട് ജോബ് ഫെയർ ന്റെ വെബ്സൈറ്റ് മുഖാന്തിരം പേര് രജിസ്റ്റർ ചെയ്യുന്നതിനും, ബന്ധപ്പെട്ട തീയതിയിൽ ജോബ്ഫെയറിൽ പങ്കെടുക്കുന്നതിനും നിർദ്ദേശം നൽകേണ്ടതുമാണ്. ഐ. ടി.ഐ യിലെ പ്ലെയിസ്മെന്റ് ഓഫീസർമാർ പരമാവധി ട്രെയിനികളെ ജോബ്ഫെയറിൽ പങ്കെടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി

പകർപ്പ്:- എല്ലാ AAA മാർക്കും
(RIC's)

ആർ.വി ഡി.28.12.16